**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1519** **19-01-2021 - ൽ മറുപടിയ്ക്ക്**

**പച്ചക്കറികൾക്ക് താങ്ങുവില**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| കെ . വി . വിജയദാസ് | | Shri. V. S. Sunil Kumar<br>(കൃഷി വകുപ്പുമന്ത്രി) | |
| (എ) | കേരളത്തിൽ ഉല്പാദിപ്പിക്കുന്ന പതിനാറ് ഇനം പച്ചക്കറികൾക്ക് താങ്ങുവില പ്രഖ്യാപിച്ച സർക്കാരിന്റെ ഏറ്റവും മാതൃകാപരമായ കർഷക സൗഹൃദ നടപടിയിൽ പച്ചക്കറികൾക്ക് എപ്രകാരമാണ് വില നൽകുവാൻ ഉദ്ദേശിക്കുന്നത്; | (എ) | പഴം, പച്ചക്കറി കർഷകരെ സഹായിക്കുന്നതിനായി കേരള ഫാം ഫ്രഷ് പഴം പച്ചക്കറി എന്ന പദ്ധതിയിലൂടെ 16 ഇനം പഴം പച്ചക്കറികളുടെ അടിസ്ഥാന വില പ്രഖ്യാപിച്ചുകൊണ്ട് 26.10.2020 ന് G.O.(MS)No.80/2020/Agri പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കർഷകർക്ക് വില സ്ഥിരതയും മികച്ച വരുമാനവും ഉറപ്പാക്കുക, വിപണി വിലയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നതിൽ നിന്ന് കർഷകരെ സംരക്ഷിക്കുക, തിരഞ്ഞെടുത്ത വിളകളുടെ വില കുത്തനെ ഇടിയുമ്പോൾ കർഷകരിൽ നിന്നും തറവിലയിൽ സംഭരണം നടത്തി കർഷകരെ സംരക്ഷിക്കുക, കൂടുതൽ സ്ഥലങ്ങളിലേക്ക് കൃഷി വ്യാപിപ്പിക്കുകയും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുകയും ചെയ്യുക, ബന്ധപ്പെട്ട എല്ലാ ഏജൻസികളും ഉൾപ്പെടുത്തി മാർക്കറ്റിംഗ് സംവിധാനം ശക്തിപ്പെടുത്തുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുവാനാണ് പദ്ധതി നടപ്പിലാക്കുന്നത്. ആനുകൂല്യം ലഭിക്കാൻ ആഗ്രഹിക്കുന്ന കർഷകൻ വിള, വിസ്തീർണം, വിതയ്ക്കൽ വിശദാംശങ്ങൾ, പ്രതീക്ഷിച്ച വിളവ്, വിളവെടുപ്പ് സമയം എന്നിവ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്യണം. കാർഷിക പോർട്ടലിൽ രജിസ്റ്റർ ചെയ്ത കർഷകർ വിളകൾ അനുസരിച്ച് നിർദിഷ്ട സമയങ്ങളിൽ (2 പ്രാവിശ്യം) കൃഷിയിടത്തിന്റെ ജിയോ ടാഗ് ചെയ്ത ഫോട്ടോ അപ് ലോഡ് ചെയ്യേണ്ടതാണ്, ഇത് കൃഷി ഭവനുകളിൽ നിന്നും പരിശാധന നടത്തി ഉറപ്പുവരുത്തുന്നതാണ്. ആനുകൂല്യം AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രമാണ് ലഭ്യമാകുക. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളും കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ വി.എഫ്.പി.സി.കെ, ഹോർട്ടികോർപ്, ഇക്കാഷോപ്പുകൾ തുടങ്ങി 550 മാർക്കറ്റുകൾ വഴി വിളകൾ ശേഖരിച്ചുവരുന്നു. അടിസ്ഥാന |

| | | | |
|---|---|---|---|
| | | | വിലയെക്കാൾ വിപണി വില താഴ്ന്ന സാഹചര്യത്തിൽ ജില്ലാതല പ്രൈസസ് മോണിറ്ററിങ് കമ്മിറ്റിയുടെ ശിപാർശ പ്രകാരം സംഭരണ ഏജൻസികൾ പദ്ധതി നടപ്പിലാക്കി വരുന്നു. കർഷകന് ലഭിക്കേണ്ട വില വിത്യാസം നേരിട്ട് ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നതാണ്. |
| (ബി) | ഹോർട്ടികോർപ് വഴി മാത്രമാണോ സംഭരണം ഏർപ്പെടുത്തുക; അതോ മറ്റ് ഏജൻസികളേയും ഈ പ്രക്രിയയിൽ ഉൾപ്പെടുത്തുമോ; നിശ്ചയിക്കപ്പെട്ടിട്ടുള്ള താങ്ങുവില കളക്ഷൻ സെന്ററിൽ നിന്ന് സംഭരിക്കപ്പെടുമ്പോൾത്തന്നെ നൽകുമോ; വിശദവിവരം നൽകുമോ? | (ബി) | പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളും കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ വി.എഫ്.പി.സി.കെ, ഹോർട്ടികോർപ്പ്, ഇക്കോഷോപ്പുകൾ തുടങ്ങി 550 മാർക്കറ്റുകൾ വഴി നിലവിൽ വിളകൾ ശേഖരിച്ചുവരുന്നു. അടിസ്ഥാന വിലയേക്കാൾ വിപണി വില താഴ്ന്ന സാഹചര്യത്തിൽ ജില്ലാതല പ്രൈസസ് മോണിറ്ററിങ് കമ്മിറ്റിയുടെ ശിപാർശ പ്രകാരം സംഭരണ ഏജൻസികൾ പദ്ധതി നടപ്പിലാക്കി വരുന്നു. മാർക്കറ്റ് വില കർഷകർക്ക് പച്ചക്കറി സംഭരിക്കുമ്പോൾ തന്നെ നൽകി വരുന്നു. വിപണി വിലയും അടിസ്ഥാന വിലയും തമ്മിലുള്ള വ്യത്യാസം കർഷകർ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ